**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.186. 13.02.2013 ൽ മറുപടിയ്ക്ക്

<u>വിദ്യാർത്ഥികളെ കയറ്റിപ്പോകുന്ന വാഹനങ്ങളുടെ സുരക്ഷ.</u>

| <u>ചോദ്യം</u><br>ശ്രീ. എൻ. ഷംസുദ്ദീൻ<br>,, റ്റി.എ. അഹമ്മദ് കബീർ<br>" പി.കെ. ബഷീർ<br>" കെ. എം. ഷാജി | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) വിദ്യാർത്ഥികളെ കയറ്റിപ്പോകുന്ന വാഹനങ്ങളുടെ സുരക്ഷ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | ഉണ്ട്. സ്കൂൾ വിദ്യാർത്ഥികളെ കയറ്റിക്കൊണ്ട് പോകുന്ന മുച്ചക്ര വാഹനങ്ങൾ ഒഴികെയുള്ള എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും സ്പീഡ് ഗവർണർ നിർബന്ധമാക്കിക്കൊണ്ട് 30/01/2012 ലെ ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടാതെ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്ക് പെർമിറ്റ് നല്കുന്നതിന് വിവിധ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് 10/05/2012 ൽ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തി ചട്ടം 153(ഡി) ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി 09/06/2010 ലെ യോഗത്തിലെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളെ തുടർന്ന്, സംസ്ഥാന പോലീസ് മേധാവി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ഇതു സംബന്ധിച്ച് സർക്കുലറുകൾ പുറപ്പെടുവിക്കുകയും, നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തുകയും ചെയ്യുന്നുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഉൾപ്പെടുത്തി ചട്ടം 153(ഡി) ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ |

| | | |
|---|---|---|
| | | പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് പെർമിറ്റ് നല്കമ്പോൾ ഗതാഗതകമ്മീഷണർ, ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) സ്കൂൾ വാഹനങ്ങളുടെ കാര്യത്തിൽ അവയുടെ പഴക്കവും പ്രവർത്തന ക്ഷമതയും കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ ; | (ബി) | പ്രവർത്തനക്ഷമത വാർഷിക പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |
| (സി) അത്തരം വാഹനം ഓടിക്കുന്ന ഡ്രൈവറുടെ കാര്യത്തിൽ എന്തെങ്കിലും നിബന്ധനയുണ്ടോ ; | (സി) | 10/05/2012 ലെ സ.ഉ.(പി) 25/12/ഗതാ.നമ്പർ വിജ്ഞാപനത്തിലൂടെ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ പുതുതായി ഉൾപ്പെടുത്തിയ ചട്ടം 153 ഡി - ലെ വ്യവസ്ഥകൾ പ്രകാരം സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം എന്നും, റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട വ്യക്തിയേയോ, മദ്യപിച്ച് വാഹനമോടിക്കുക, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ് തുടങ്ങിയ കുറ്റങ്ങൾക്ക് ഒരിക്കലെങ്കിലും ശിക്ഷിക്കപ്പെട്ട വ്യക്തിയേയോ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഓട്ടോറിക്ഷകളിലും പിക് അപ്പ് വാനുകളിലും എല്ലാ നിയമവും ലംഘിച്ച് കുട്ടികളെ കയറ്റിപോകുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ ? | (ഡി) | ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽ പെട്ടമ്പോൾ കർശനമായ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.